"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ വകുപ്പ് - പ്ലാൻ ഫണ്ട് 2025-26 - 'രോഗീ സൗഹൃദ ആശുപത്രി സംരംഭം ആരംഭിക്കൽ (ഡി.എച്ച്.എസ്.) (Creation of Patient friendly Hospital Initiative (DHS)' എന്ന സ്കീം - മുൻ സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയിട്ടുള്ള വിവിധ പ്രവൃത്തികൾക്ക് മാർച്ച് 2026 വരെ ആവശ്യമായ തുക - റിലീസ് ചെയ്ത് ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.793/2026/H&FWD തീയതി,തിരുവനന്തപുരം, 26-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം.618/2020/ആ.കു.വ. തീയതി 20.03.2020
2. സ.ഉ.(സാധാ)നം.2329/2020/ആ.കു.വ. തീയതി 17.12.2020
3. സ.ഉ.(സാധാ)നം.2689/2021/ആ.കു.വ. തീയതി 30.11.2021
4. ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 22.01.2026 തീയതിയിലെ 1/228843/2026 നമ്പർ കത്ത്
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27.01.2026 തീയതിയിലെ DHS/25142/2025-MC2 നമ്പർ കത്ത്

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെട്ട 'രോഗീ സൗഹൃദ ആശുപത്രി സംരംഭം ആരംഭിക്കൽ (ഡി.എച്ച്.എസ്.) (Creation of Patient friendly Hospital Initiative (DHS)' എന്ന സ്കീമിനായി 200 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 'രോഗീ സൗഹൃദ ആശുപത്രി സംരംഭം ആരംഭിക്കൽ (Creation of Patient Friendly Hospital Initiative)' എന്ന പദ്ധതി സ്കീമിനു കീഴിൽ മുൻ സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയിട്ടുള്ള വിവിധ പ്രവൃത്തികൾക്ക് മാർച്ച് 2026 വരെ ആവശ്യമായ തുകയുടെ വിവരം ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർ പരാമർശം (4), (5) എന്നിവയിലെ കത്തുകൾ പ്രകാരം അറിയിക്കുകയും പ്രസ്തുത തുക റിലീസ് ചെയ്യുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'രോഗീ സൗഹൃദ ആശുപത്രി സംരംഭം ആരംഭിക്കൽ' എന്ന പദ്ധതി സ്കീമിനു കീഴിൽ പരാമർശം (1), (2), (3) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്ക്, ചുവടെ ചേർത്തിട്ടുള്ളതിൻ പ്രകാരം, മാർച്ച് 2026 വരെ ആവശ്യമായ തുകയായ **₹10,94,49,768/- രൂപ (പത്തു കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി നാല്പത്തിയൊൻപതിനായിരത്തി എഴുനൂറ്റി അറുപത്തിയെട്ട് രൂപ മാത്രം)**, **'2210-01-110-09 (പ്ലാൻ)'** ശീർഷകത്തിലെ 2025-26

സാമ്പത്തിക വർഷത്തിലെ വിഹിതത്തിൽ നിന്നും അനുവദിച്ച് നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഭരണാനുമതി സർക്കാർ ഉത്തരവ് | ആവശ്യമായ തുക (രൂപയിൽ) |
|---|---|---|
| 1 | സ.ഉ.(സാധാ)നം.618/2020/ആ.കു.വ. തീയതി 20.03.2020 | 7,22,05,588 |
| 2 | സ.ഉ.(സാധാ)നം.2329/2020/ആ.കു.വ. തീയതി 17.12.2020 | 1,92,08,672 |
| 3 | സ.ഉ.(സാധാ)നം.2689/2021/ആ.കു.വ. തീയതി 30.11.2021 | 1,80,35,508 |
| | **ആകെ** | **10,94,49,768** |

**മേൽ അനുവദിച്ചിട്ടുള്ള തുകയുടെ പ്രവൃത്തി തിരിച്ചുള്ള വിശദവിവരം**

**I. സ.ഉ.(സാധാ)നം.618/2020/ആ.കു.വ. തീയതി 20.03.2020 സർക്കാർ ഉത്തരവിന് കീഴിലെ പ്രവൃത്തികൾ**

| ക്രമ നമ്പർ | ജില്ല | പ്രവൃത്തി & സ്ഥാപനം | അനുവദിച്ച തുക (രൂപയിൽ) |
|---|---|---|---|
| 1 | തിരുവനന്തപുരം | ഒ.പി.ഡി., വിതുര താലൂക്ക് ആശുപത്രി | 1,17,23,303 |
| 2 | കൊല്ലം | ഒ.പി.ഡി., ശാസ്താംകോട്ട താലൂക്ക് ആശുപത്രി | 35,24,813 |
| 3 | കൊല്ലം | ഒ.പി.ഡി., നെടുംഗോളം താലൂക്ക് ആശുപത്രി | 70,94,801 |
| 4 | പത്തനംതിട്ട | ഒ.പി.ഡി., അടൂർ ജനറൽ ആശുപത്രി | 68,73,411 |
| 5 | ആലപ്പുഴ | ഒ.പി.ഡി., ഹരിപ്പാട് താലൂക്ക് ആശുപത്രി | 58,00,000 |
| 6 | കോട്ടയം | ഒ.പി.ഡി., ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രി | 1,01,68,821 |
| 7 | എറണാകുളം | ഒ.പി.ഡി., കരുവേലിപ്പടി താലൂക്ക് ആശുപത്രി | 42,72,806 |
| 8 | തൃശ്ശൂർ | ഒ.പി.ഡി., വടക്കാഞ്ചേരി ജില്ലാ ആശുപത്രി | 24,00,000 |
| 9 | മലപ്പുറം | ഒ.പി.ഡി., പെരിന്തൽമണ്ണ ജില്ലാ ആശുപത്രി | 40,99,774 |
| 10 | കോഴിക്കോട് | ഒ.പി.ഡി., നാദാപുരം താലൂക്ക് ആശുപത്രി | 90,83,000 |
| 11 | കണ്ണൂർ | ഒ.പി.ഡി., ഇരിക്കൂർ താലൂക്ക് ആശുപത്രി | 71,64,859 |
| **ആകെ** | | | **7,22,05,588** |

**II. സ.ഉ.(സാധാ)നം.2329/2020/ആ.കു.വ. തീയതി 17.12.2020 സർക്കാർ ഉത്തരവിന് കീഴിലെ പ്രവൃത്തികൾ**

| ക്രമ | | | അനുവദിച്ച തുക |
|---|---|---|---|

| നമ്പർ | ജില്ല | പ്രവൃത്തി & സ്ഥാപനം | (രൂപയിൽ) |
|---|---|---|---|
| 1 | പത്തനംതിട്ട | ഒ.പി.ഡി., കോന്നി താലൂക്ക് ആശുപത്രി | 58,77,495 |
| 2 | കോട്ടയം | ഒ.പി.ഡി., ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രി | 45,00,000 |
| 3 | എറണാകുളം | ഒ.പി.ഡി., പെരുമ്പാവൂർ താലൂക്ക് ആശുപത്രി (ഒന്നാം ഘട്ടം) | 3,16,456 |
| 4 | തൃശ്ശൂർ | ഒ.പി.ഡി., ചേലക്കര താലൂക്ക് ആശുപത്രി | 34,44,903 |
| 5 | കോഴിക്കോട് | ഒ.പി.ഡി., കുറ്റിയാടി താലൂക്ക് ആശുപത്രി | 50,69,818 |
| **ആകെ** | | | **1,92,08,672** |

**III. സ.ഉ.(സാധാ)നം.2689/2021/ആ.കു.വ. തീയതി 30.11.2021 സർക്കാർ ഉത്തരവിന് കീഴിലെ പ്രവൃത്തികൾ**

| ക്രമ നമ്പർ | ജില്ല | പ്രവൃത്തി & സ്ഥാപനം | അനുവദിച്ച തുക (രൂപയിൽ) |
|---|---|---|---|
| 1 | എറണാകുളം | ഒ.പി.ഡി., പെരുമ്പാവൂർ താലൂക്ക് ആശുപത്രി (രണ്ടാം ഘട്ടം) | 36,28,554 |
| 2 | മലപ്പുറം | ഒ.പി.ഡി ട്രാൻസ്ഫോർമേഷൻ, വണ്ടൂർ താലൂക്ക് ആശുപത്രി | 60,64,954 |
| 3 | മലപ്പുറം | ഒ.പി.ഡി ട്രാൻസ്ഫോർമേഷൻ, മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രി | 53,42,000 |
| 4 | കണ്ണൂർ | ഒ.പി.ഡി., പഴയങ്ങാടി താലൂക്ക് ആശുപത്രി | 30,00,000 |
| **ആകെ** | | | **1,80,35,508** |

**3.** മേൽ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറും ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടറും ഉറപ്പ് വരുത്തേണ്ടതാണ്. നിലവിലെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നത് ആയവയുടെ കൃത്യത ഉറപ്പ് വരുത്തിയ ശേഷം മാത്രമായിരിക്കണം .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ ദൗത്യം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് -എ) വകുപ്പ് (നം.3413998/എച്ച്.എൽ.റ്റി.-എ1/28/2026-ധന തീയതി 25.02.2026 പ്രകാരം)

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/269/2025-HEALTH )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 26-02-2026 16:04:15

സെക്ഷൻ ഓഫീസർ